(ഡി) വിലിപന നികുതി നിയമത്തിലെ വകുപ്പ് 5(2) പ്രകാരം ബ്രാന്റ് നെയിമിലോ ട്രേഡ് മാർക്ക് പേരിലോ വിൽക്കുന്ന ഉല്പന്നങ്ങൾക്ക് നികുതി പിരിക്കാനും ആയത് സർക്കാരിലേക്ക് അടയ്ക്കാനും വ്യാപാരി ബാദ്ധ്യസ്ഥനാണ്. യഥാസമയം നികുതി പിരിയ്ക്കാതിരുന്നതിന് ഉത്തരവാദി സർക്കാരല്ല. നികുതി പലിശ ഉൾപ്പെടെ അടയ്ക്കേണ്ടി വന്നതുമൂലം ഏതെങ്കിലും സ്ഥാപനം പൂട്ടൽ ഭീഷണി നേരിടുന്നതായി അറിവില്ല.

(ഇ) ബാധകമല്ല.

ന്യൂസ്‌വേ-നെറ്റ്‌വർക്ക് മാർക്കറ്റിംഗ് സിസ്റ്റത്തിന്റെ പ്രവർത്തനം

46 (3255) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂസ്‌വേ എന്ന് ഒരു നെറ്റ്‌വർക്ക് മാർക്കറ്റിംഗ് സിസ്റ്റം രാഷ്ട്രദീപിക ലിമിറ്റഡും അകോൺ പ്രിന്റ് വെൽ പ്രൈവറ്റ് ലിമിറ്റഡും ചേർന്ന് ആരംഭിച്ചതു സംബന്ധിച്ച വിവരങ്ങൾ ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ;

(ബി) എന്താണ് പ്രസ്തുത കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ന്യൂസ്‌വേയുടെ പേരിൽ സംസ്ഥാനത്തിനകത്തും പുറത്തും വിദേശരാജ്യങ്ങളിലും സാമ്പത്തിക ഇടപാടുകൾ നടത്തുകയും ന്യൂസ്‌വേയുടെ അംഗമെന്ന നിലയിൽ ആയിരക്കണക്കിന് ആളുകളെ ചേർക്കുകയും ചെയ്തു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത കാര്യം സംബന്ധിച്ച് അന്വേഷണം നടത്തി വിശദവിവരം വെളിപ്പെടുത്തുമോ ;

(ഇ) അകോൺപ്രിന്റ് വെൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ ചെയർമാനും ഡയറക്ടർ ബോർഡ് അംഗങ്ങളും ആരെല്ലാമാണ് ; ഇവരുടെ പേരു വിവരം വെളിപ്പെടുത്തുമോ ; അഡ്രസ്സും മറ്റു വിവരങ്ങളും എന്താണ് ;

(എഫ്) നെറ്റ്‌വർക്ക് ശൃംഖലയായി പ്രവർത്തിക്കുന്ന ന്യൂസ് വേയിലൂടെ മൊത്തം എത്രപേർ അംഗങ്ങളായി എന്നും ഇവരുടെ മൊത്തം അംഗത്വഫീസും മറ്റ് ആനുകൂല്യങ്ങളും വഴി എത്ര ഉറുപ്പികയുടെ ഇടപാടുകളാണ് പ്രസ്തുത സ്ഥാപനം നടത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ജി) കേരളത്തിനകത്തും പുറത്തും വിദേശത്തുമായി എത്ര അംഗങ്ങളാണ് ന്യൂസ്‌വേയിലുള്ളത് ;

(എച്ച്) കേരളത്തിൽ അംഗങ്ങളായവരുടെ ജില്ല തിരിച്ചുള്ള സംഖ്യ എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഐ) ന്യൂസ് വേയുമായി ബന്ധപ്പെട്ട എന്തെങ്കിലും പരാതികളോ ആക്ഷേപങ്ങളോ ധനകാര്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ജെ) രാഷ്ട്രദീപികയുടെയും അകോണിന്റെയും സംയുക്ത സംരംഭമാണോ ന്യൂസ്‌വേ ; ഈ ഓരോ സ്ഥാപനങ്ങളുടേയും ഷെയർ എത്ര വീതമാണെന്നും വ്യക്തമാക്കുമോ ;

(കെ) ന്യൂസ് വേയുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള നികുതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

(സി-ഇ) വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(എഫ്) വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ല.

(ജി-ജെ) വിവരങ്ങൾ ലഭ്യമല്ല.

(കെ) ലഭിച്ചിട്ടില്ല.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി

47 (3256) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹനങ്ങളിൽ ശുദ്ധജലവിതരണം ചെയ്യുന്നതിന് ജില്ലാ ഭരണകൂടങ്ങൾക്ക് സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ;

(ബി) സംസ്ഥാനത്ത് കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) ഈ പ്രദേശങ്ങളിൽ കുടിവെള്ളം ഫലപ്രദമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വാഹനങ്ങളിൽ ശുദ്ധജലവിതരണം ചെയ്യുന്നതുൾപ്പെടെയുള്ള വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികൾ ചെയ്യുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുള്ള തുക ജില്ലാ കളക്ടർമാർ ആവശ്യപ്പെടുന്നതനുസരിച്ച് നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly